**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6141** **09-11-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലജീവൻ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷൻ കൂടാതെ ഏതൊക്കെ പദ്ധതികളാണ് നിലവിൽ ഏറ്റെടുത്തിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ജലജീവൻ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നത് കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ സ്കൂളുകൾ, അങ്കണവാടികൾ, ഗ്രാമ പഞ്ചായത്ത് ആഫീസുകൾ, ആരോഗ്യകേന്ദ്രങ്ങൾ മുതലായ പൊതുസ്ഥാപങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നുണ്ട്. കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം താഴെപ്പറയുന്ന പദ്ധതികൾകൂടി ജല ജീവൻ മിഷന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. 1) കുടിവെള്ള ഗുണനിലവാര പരിശോധനാ സംവിധാനം വിപുലപ്പെടുത്തി നിരന്തര ജലഗുണനിലവാര പരിശോധന നടപ്പിലാക്കുക (Water Quality Monitoring & Surveillance Programme) 2. കുടിവെള്ള വിതരണം, ഗുണനിലവാരം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ചുള്ള പരിശീലന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക 3. ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികളുടെ ഗുണനിലവാര പരിശോധനക്കാവശ്യമായ മൂന്നാം കക്ഷി പരിശോധന (Third Party Inspection) നടപ്പിലാക്കൽ 4. ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണ സംവിധാനത്തിന്റെ ആസൂത്രണം, നിർവഹണം, പരിപാലനം മുതലായ കാര്യങ്ങളിൽ തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട ഏജൻസികളെ (Implementing Supporting Agency) തെരഞ്ഞെടുത്ത് അവരുടെ സേവനം ലഭ്യമാക്കുക. |
| (ബി) | അവയുടെ നിർവഹണ കലണ്ടർ എപ്രകാരമാണെന്നും നിലവിലെ നിർവഹണ | (ബി) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജല ഗുണ നിലവാര പരിശോധന പ്രവർത്തനങ്ങളും (WQMSP) പിന്തുണ പ്രവർത്തനങ്ങളും നിരന്തരതുടർ |

| | | | |
|---|---|---|---|
| | പുരോഗതിയും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതും അറിയിക്കാമോ; | | പ്രവർത്തനങ്ങളാണ്. ഇതിൽ ജല ഗുണ നിലവാര പരിശോധന പ്രവർത്തനങ്ങളുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 8 ജില്ലാ ലാബുകൾക്കും NABL അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 6 ജില്ലാ ലാബുകൾക്കും 70 സബ് ഡിവിഷണൽ ലാബുകൾക്കും NABL അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഗ്രാമീണ മേഖലയിലെ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരിശീലന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പിന്തുണ പ്രവർത്തങ്ങളുടെ (Support Activities) ഭാഗമായുള്ള മൂന്നാം കക്ഷി പരിശോധന നടപ്പിലാക്കിയിട്ടുണ്ട്. ഇമ്പ്ലിമെന്റിങ് സപ്പോർട്ടിങ് ഏജൻസി കളുടെ സേവനം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഏജൻസികളെ കണ്ടെത്തി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടു പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. പരിശീലന ബോധവൽക്കരണ പരിപാടികൾ വിവിധ തലങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) | മേല്പറഞ്ഞ പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ടെൻഡർ നടപടികളിൽ തടസ്സങ്ങൾ അറിയിക്കാമോ; | (സി) | മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ ആവശ്യമായ പ്രവർത്തികളിൽ അവ പൂർത്തീകരിച്ചാണ് നടപ്പിലാക്കിവരുന്നത്. ജല ഗുണനിലവാര പരിശോധന, പരിശീലന പ്രവർത്തനങ്ങൾ മുതലായകാര്യങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ സംവിധാനമുപയോഗിച്ചും നടപ്പിലാക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ നടപടികളിൽ തടസ്സങ്ങളൊന്നും നേരിട്ടിട്ടില്ല. എന്നാൽ കോവിഡ് -19 ുംമായി ബന്ധപ്പെട്ടുള്ള നിയന്ത്രണങ്ങൾ കാരണം പദ്ധതിനടപ്പിലാക്കുന്നതിൽ സ്വാഭാവികമായ തടസ്സങ്ങളും കാലതാമസവും നേരിട്ടുന്നുണ്ട്. |
| (ഡി) | ജലജീവൻ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷൻ, മറ്റ് പദ്ധതികൾ എന്നിവ എന്നത്തേക്ക് പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | ജല ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവർത്തികൾ 2024 ഓടുകൂടി പൂർത്തീകരിക്കുന്നതരത്തിലാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. എന്നാൽ  പദ്ധതിയുമായി ബന്ധപ്പെട്ട വാട്ടർ ക്വാളിറ്റി മോണിറ്ററിങ് ആൻഡ് സർവെയ്‌ലൻസ് പ്രോഗ്രാം, സപ്പോർട് |

| | | | |
|---|---|---|---|
| | | | ആക്ടിവിറ്റീസ് എന്നിവ ജല ജീവൻ മിഷൻ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണവും പദ്ധതികളുടെ തുടർപരിപാലനവും സുഗമമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. അതിനാൽ പ്രസ്തുത പദ്ധതികൾ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളുടെ നിർവഹണത്തിനൊപ്പം നടപ്പിലാക്കുകയും പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനു ശേഷമുള്ള തുടർപരിപാലനവുമായി ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനു ഉപഭോക്താക്കളേയും പഞ്ചായത്തുകളേയും സജ്ജരാക്കത്തക്ക തരത്തിലാണ് പദ്ധതിയുടെ മാർഗരേഖ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ